**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6258** **17-03-2023 - ൽ മറുപടിയ്ക്ക്**

**മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര മോട്ടോർ ട്രാൻസ്പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഡീസൽ, സ്പെയർ പാർട്സുകൾ എന്നിവയുടെ വില വർദ്ധനവ് കാരണം പ്രസ്തുത സൊസൈറ്റികൾ ബുദ്ധിമുട്ട് നേരിടുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാര നടപടികൾ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ആകെ 128 മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>നിലവിൽ ഡീസൽ, സ്പെയർ പാർട്സുകൾ എന്നിവയുടെ വില വർദ്ധനവ് കാരണം കൊല്ലം, ആലപ്പുഴ, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ മോട്ടോർ ട്രാൻസ്പോർട്ട് സൊസൈറ്റികൾ ബുദ്ധിമുട്ട് നേരിടുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വർദ്ധനവിന് ആനുപാതികമായി സംഘത്തിന് വരുമാനം ലഭിക്കാത്ത സാഹചര്യമാണുള്ളത്. നിലവിൽ ഭൂരിഭാഗം സംഘങ്ങളും പ്രവർത്തനരഹിതവും ലിക്വിഡേഷൻ നടപടികളിലുമാണ്.<br><br>മേൽ പ്രതിസന്ധിക്കു പരിഹാരമായി, സ്പെയർ പാർട്സ് വില്പന നടത്തുന്നതിന് നിയമാവലിയിൽ വ്യവസ്ഥയുള്ളതും സാമ്പത്തിക ഭദ്രതയുള്ളതുമായ സഹകരണ സംഘങ്ങൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് സ്പെയർ പാർട്സ് വില്പന നടത്തുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ